
# ബൈബിൾ സത്യം



# THE BIBLE TRUTH

# FIVE BAPTISMS OF THE NEW TESTAMENT

| | NATURE | PURPOSE | BY | SUBJECTS | ELEMENT | ACT | DURATION |
|---|---|---|---|---|---|---|---|
| JOHN'S | Commandment<br>Lk. 7:29,30 | To prepare for Messiah<br>Jn. 1:31 Lk. 3:3-6<br>Acts 19:4 | John<br>Mk. 1:5 | Penitent Jews<br>Mk. 1:4,5 | Water<br>Jn. 1:26 | Immersion<br>Mk. 1:10<br>Jn. 3:23 | Ceased before cross<br>Acts 19:3-5 |
| SUFFERING | Experience<br>Mk. 10:38,39 | 1. To bring salvation.<br>I Pet. 2:24<br>II Cor. 1:5,6<br>2. Resulting glory<br>Heb. 12:2<br>II Tim. 2:12 | Wicked Men<br>Acts 2:23<br>II Thess. 3:1,2 | 1. Jesus<br>Mk. 10:38<br>2. His followers<br>Mk. 10:39 | Suffering<br>Mk. 10:39 | Overwhelming<br>Matt. 27:46,50 | 1. On the cross<br>Matt. 27:50<br>2. Till Jesus returns<br>II Tim. 3:12 |
| HOLY SPIRIT | Promise<br>Acts 1:4,5 | 1. To empower for special work<br>Acts 1:8; Jn. 16:13<br>Jn. 14:26; II Cor. 12:12<br>2. To prove God's acceptance of Gentiles<br>Acts 11:15-18 | Christ<br>Matt. 3:11 | 1. Apostles<br>Acts 2:1-4<br>2. Cornelius' household<br>Acts 11:15,16 | Holy Spirit<br>Matt. 3:11 | Overpowering<br>Matt. 10:19,20<br>Acts 2:4 | Occurred but twice<br>Acts 2,10<br>Each a special case |
| FIRE | Warning<br>Mat. 3:11,12 | Punishment<br>Matt. 25:45,46 | Christ<br>Matt. 3:11 | Wicked<br>Matt. 3:10<br>II Thess. 1:7,8 | Fire<br>Matt. 3:11 | Overwhelming<br>Rev. 20:15 | Everlasting<br>Matt. 25:41 |
| GREAT COMMIS- | Commandment<br>Matt. 28:19 | Forgiveness<br>Acts 2:38 | Disciples<br>Matt. 28:19 | Penitent believers<br>Mk. 16:16 | Water<br>Acts 8:36-39 | Immersion<br>Rom. 6:3-5 | Till end<br>Matt. 28:19,20 |

# THE BIBLE TRUTH

**Editors**

**P. K. VARGHESE** **J. C. CHOATE**

000 000 000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിൻെറ പുനരേകീകരണം

| Vol. 13 | February | 2000 | No. 11 |
|---|---|---|---|


## എഡിറേറാറിയൽ

പുരാതനകാലം മുതൽ ഉള്ളതായ നിയമങ്ങളെ കാലോചിതമായി മാററണമെന്നു ശഠിക്കുന്ന ആളുകൾ ഉണ്ട്. അതെന്തുകൊണ്ടാണെന്നുള്ള അവരുടെ ന്യായീകരണവും യാഥാർത്ഥ്യവും തമ്മിൽ അന്തരമുണ്ടായിരിക്കും. ഏതൊരു രാജ്യത്തിൻെറ നിയമമായാലും അടിസ്ഥാനപരമായ ചില ഉദ്ദേശങ്ങൾ അതിൽ അടങ്ങിയിരിക്കും. ഭൗതികമായ ഭരണഘടന രാജ്യത്തിൻെറ ഭൗതികമായ നിലനില്പിനു അത്യാവശ്യമാണ്. മനുഷ്യ നന്മക്കു വേണ്ടി രൂപപ്പെടുത്തിയതാണ് ഏതൊരു നിയമവും. അതിൻെറ ലക്ഷ്യം നാം മറക്കരുത്. പ്രത്യേക സമൂഹത്തിൻെറയോ സംഘടനയുടേയോ മാത്രം ഉദ്ദേശങ്ങളെ കണക്കിലെടുത്തു പ്രവർത്തിക്കാനുള്ളതല്ല നിയമങ്ങൾ. അഭിപ്രായ ഭിന്നതകൾ ഏതൊരു രാജ്യത്തിലെ നിയമത്തെ കുറിച്ചും ഉണ്ടായെന്നു വരാം. പക്ഷെ പ്രായോഗികമായി നാം അതിനെ വിലയിരുത്തണം. സാഹചര്യങ്ങൾക്കനുസരിച്ച് നിയമത്തെ മാറേറണ്ടി വരുന്നതെന്തുകൊണ്ടാണെന്നു ചിന്തിക്കുക. ഏതെല്ലാം വിധത്തിലുള്ള മാററമാണ് വരുത്തുന്നത് ? അത് ആർക്കെല്ലാം ഗുണം ചെയ്യും ? ആർക്കെല്ലാം ദോഷം ചെയ്യും ? എന്നീ കാര്യങ്ങൾ പരിശോധനക്കു വിധേയമാക്കണം.

ഭൗതികമായ നിയമാവലികളും ഭരണഘടനാ ഭേദഗതികളും തികച്ചും രാഷ്ട്രീയം തന്നെ. എന്നാൽ നമ്മെ സംബന്ധിച്ച് ആത്മീയമായി നമുക്കു ചിന്തിക്കാം. അതാ

ണല്ലോ മരണാനന്തരവും നമ്മെ സഹായിക്കുന്ന ഒന്ന്. ആദ്യത്തേത് താല്ക്കാലികവും രണ്ടാമത്തേത് നിത്യവുമായ ഒന്നാണ്. ദൈവ നിയമത്തെ മാററുവാൻ മനുഷ്യർക്ക് ആർക്കും അധികാരമോ അവകാശമോ ഇല്ല. പക്ഷെ മനുഷ്യർ ദൈവത്തിൻെറ അധികാരത്തെ കയ്യിലെടുത്ത് പ്രവർത്തിക്കുന്നു. അതിനു നൂററാണ്ടുകളുടെ പഴക്കം ഉണ്ട്. ജനങ്ങൾ അങ്ങനെ ചെയ്തില്ലായിരുന്നെങ്കിൽ ഇന്നു വ്യത്യസ്ത പേരുകളിലും വിശ്വാസങ്ങളിലും ഉപദേശങ്ങളിലും ആചാരങ്ങളിലും വേർപ്പെട്ട് ജീവിക്കുമായിരുന്നില്ല. വ്യക്തിയായാലും സമൂഹമായാലും ഒരു രാജ്യമായാലും ദൈവ നിയമത്തിനു കീഴ്പ്പെട്ടിരിക്കാൻ കഴിഞ്ഞാൽ അതു വലിയൊരു ഭാഗ്യം തന്നെയാണ്. മനുഷ്യർ അതിൽ തൃപ്തരല്ല എന്നതാണ് പ്രശ്നം. നിയമത്തിൻെറ പ്രാധാന്യത്തെ കുറിച്ചുള്ള അറിവില്ലായ്മയോ, സ്വാർത്ഥതയോ ഒക്കെ ആകാം ഇതിനു കാരണം. പക്ഷെ അതുകൊണ്ടുണ്ടാവുന്ന പ്രത്യാഘാതം തീർത്താൽ തീരാത്തതാണ്. നിയമത്തെ മാററിയാൽ എന്തു സംഭവിക്കും എന്നു ദൈവം മുൻകൂട്ടി അറിയിച്ചിട്ടുണ്ട്.

വേദപുസ്തകം ദൈവത്തിൻെറ നിയമമാണ്. ക്രിസ്തുവിൻെറ വാഴ്ച്ചക്കുള്ള നിയമമാണല്ലോ പുതിയ നിയമം. സ്ഥിരീകരിക്കപ്പെട്ട നിയമം അവൻെറ രണ്ടാം വരവു വരെ തുടരുന്നതാണ്. യേശു ഇന്നലെയും ഇന്നും എന്നും അനന്യനാണ്. അവൻെറ നിയമത്തിൽ അടങ്ങിയിരിക്കുന്ന കാര്യങ്ങൾ എല്ലാം സകല മനുഷ്യർക്കും ഉള്ളതാണ്. നിയമത്തെ പാലിക്കാതിരിക്കുന്നവർക്കു ശിക്ഷ തീർച്ചയാണ്. നിയമത്തെ അനുസരിച്ച് ജീവിക്കുന്നവർക്കു ജീവിതത്തിൽ ഉയർച്ചയും നല്ല ഫലവും അനുഭവപ്പെടും. അല്ലാത്തവർക്കു കഷ്ടവും സങ്കടവും വേദനയും അനുഭവപ്പെടും. ഈ നിയമത്തെ മാററുവാനോ മുൻകാല നിയമവുമായി കൂട്ടി കലർത്തുവാനോ ശ്രമിക്കരുത്.

# ആരാധനയിൽ ദൈവേച്ഛ പ്രകാരമുള്ള സംഗീതം

**J. C. ചോട്ട്**

മനുഷ്യരായ നാം പല വിധത്തിലും വ്യത്യസ്തരാണ്. നാം ആഗ്രഹിക്കുന്ന കാര്യങ്ങൾ നമ്മുടെ ഇഷ്ട പ്രകാരം ചെയ്യുവാനാണ് നമുക്കു താല്പര്യം. ആത്മീയ കാര്യത്തിൽ ആണെങ്കിൽ പോലും ദൈവത്തിന്റെ ഇഷ്ടത്തെ മറി കടക്കുവാനാണ് താല്പര്യം. എന്താണിതിനു കാരണം ? ഇതുകൊണ്ടുണ്ടാവുന്ന ഫലമെന്താണ് ? ചിന്തിച്ച് വേണ്ടതായ തിരുത്തലുകൾക്കു വിധേയരാകണം. വാദിച്ചു ജയിക്കാനോ തർക്കിച്ചു സമയം പാഴാക്കുവാനോ അല്ല. പിന്നെയോ ദൈവവുമായ നമ്മുടെ ബന്ധം കരുത്തുള്ളതാകുവാൻ ഇതു സഹായകരമാകും.

പുതിയ നിയമ എഴുത്തുകളിൽ അധികാരപ്പെടുത്താതിരിക്കുന്ന ഉപകരണ സംഗീതം എന്തുകൊണ്ടാണ് നിങ്ങൾ ആരാധനയിൽ ഉപയോഗിക്കുന്നതു എന്നു ക്രിസ്തുവിൽ വിശ്വസിക്കുന്ന അനേകം സ്നേഹിതരോടു ഞാൻ ചോദിക്കയുണ്ടായി. അതാണ് അവർക്കു കൂടുതൽ ഇഷ്ടം എന്ന മറുപടിയാണ് ഭൂരിഭാഗം പേരിൽ നിന്നും കിട്ടിയത്. കുറെ പേർ പഴയ നിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന വേദഭാഗങ്ങളെ എടുത്തു ന്യായീകരിക്കുന്നതിനും ശ്രമിക്കാറുണ്ട്. എന്നാൽ ഉപകരണങ്ങൾ, ഉപയോഗിക്കാതെ പാട്ടുപാടി ദൈവത്തെ ആരാധിച്ചുകൂടെ എന്ന ചോദ്യത്തിനു 'ആരാധിക്കാം' എന്ന മറുപടിയും കിട്ടിയിട്ടുണ്ട്. അവരുടെ മറുപടിയിൽ നിന്നു മനസിലാക്കുന്നതു ഉപകരണങ്ങൾ ഉപയോഗിച്ച് പാടിയാലും ഉപയോഗിക്കാതെ പാടിയാലും ദൈവം കേൾക്കും എന്നു അവർ വിശ്വസിക്കുന്നു എന്നതാണ്.

പക്ഷെ ഈ ചോദ്യം പരിഗണനക്കായി എടുക്കുക. ആ

രാധനയിൽ അടങ്ങിയിട്ടുള്ള ഭാഗങ്ങളിൽ ഏതെങ്കിലും ഒന്നു നമുക്കു തിരഞ്ഞെടുക്കാൻ സ്വാതന്ത്ര്യം തന്നിട്ടുണ്ടോ ? നാം പ്രാർത്ഥിച്ചാലും ഇല്ലെങ്കിലും അതു ഒരുപോലെ സ്വീകാര്യമായിരിക്കുമോ ? ദൈവ വചനം വായിക്കുന്നതിനു പകരം വർത്തമാനപ്പത്രം വായിച്ചാലോ ? കർത്തൃമേശ എടുത്താലും എടുത്തില്ലെങ്കിലും അതു ഒരുപോലെ ദൈവം അംഗീകരിക്കുമോ ? നമ്മുടെ വരുമാനം ദൈവത്തിനു കൊടുത്താലും അതു നമ്മുടെ ആവശ്യങ്ങൾക്കു മാത്രമായി ചെലവാക്കിയാലും ഒരുപോലെ ആയിരിക്കുമോ ?

ഈ കാര്യങ്ങളെ സംബന്ധിച്ച് ദൈവം എന്താണ് ബൈബിളിൽ കൂടെ പഠിപ്പിക്കുന്നതെന്നു നമുക്ക് അറിയാം. നാം കർത്താവിനെ ആരാധിക്കുവാൻ പറഞ്ഞിട്ടുള്ള ഘടകങ്ങളിൽ ഒന്നുപോലും നമ്മുടെ തിരഞ്ഞെടുപ്പിനായി വിട്ടു തന്നിട്ടില്ല എന്നതാണ് വാസ്തവം. ദൈവ സന്നിധിയിൽ നാം അവനെ നമസ്ക്കരിക്കുവാൻ ചെല്ലുമ്പോൾ നാം എന്തു ചെയ്യണമെന്ന് ദൈവം ആഗ്രഹിക്കുന്നുവോ അതു വളരെ വ്യക്തമായി അവൻെറ വചനത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ദൈവം ആത്മാവാകുന്നു; അവനെ നമസ്ക്കരിക്കുന്നവർ അവനെ സത്യത്തിലും ആത്മാവിലും നമസ്ക്കരിക്കണം എന്നു കർത്താവു തന്നെ പ്രത്യേകമായി എടുത്തു പറഞ്ഞിരിക്കുന്നു (യോഹന്നാൻ 4:24). ശരിയായ മനോഭാവത്തോടെ, നല്ല ഹൃദയത്തോടെ വേണം ദൈവത്തെ ആരാധിക്കുവാൻ. സത്യം എന്ന വചന പ്രകാരവുമായിരിക്കണം. ദൈവത്തിൻെറ വചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതനുസരിച്ച് സുപ്രധാനമായ ആരാധനയിലെ ഒന്നും തന്നെ നമ്മുടെ ഇഷ്ട പ്രകാരം തിരഞ്ഞെടുക്കാവുന്നതല്ല. മറിച്ച് ദൈവം പറഞ്ഞിരിക്കുന്നതു അങ്ങനെ തന്നെ നിർവ്വഹിക്കുക എന്നതാണ് നമ്മുടെ ധർമ്മം.

ക്രിസ്തുവിൽ വിശ്വാസം അർപ്പിച്ചിരിക്കുന്നവർ വിശേഷിച്ച് ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആഗ്രഹിക്കുന്ന

വർ, ദൈവം പ്രത്യേകമായി പറഞ്ഞിരിക്കുന്നതു അങ്ങനെ തന്നെ ചെയ്യാൻ താല്പര്യപ്പെടും. എഴുതിയിരിക്കുന്നതിനപ്പുറമായി ഭാവിക്കുകയില്ല എന്നർത്ഥം (1 കൊരിന്ത്യർ 4:6). തന്റെ ജനം തന്നോടു എങ്ങനെയെല്ലാം ആയിരിക്കണമെന്ന് ദൈവം നിർദ്ദേശിച്ചിട്ടുണ്ട്. നാം നമ്മെ തൃപ്തിപ്പെടുത്താനല്ലേ നമ്മുടെ ഇഷ്ടം ചെയ്യുന്നത് ? പിതാവിനെ സന്തോഷിപ്പിക്കണമെങ്കിൽ അവന്റെ ആഗ്രഹത്തെ നാം മനസിലാക്കി പ്രവർത്തിക്കണം. നാം ദൈവ സന്നിധിയിൽ ചെന്നു നമ്മുടെ സ്വന്തം ഇഷ്ടമനുസരിച്ച് പ്രവർത്തിക്കുമ്പോൾ ദൈവം എങ്ങനെ അതിൽ സംപ്രീതനാകും? അതു വിരോധാഭാസമാണ്. നാം ദൈവത്തെ ആദരവോടെ വേണം പ്രസാദിപ്പിക്കുവാൻ. ഞാൻ എന്റെ ഇഷ്ട പ്രകാരം ചെയ്യും; ദൈവത്തിനു വേണമെങ്കിൽ സ്വീകരിക്കണം എന്ന മനോഭാവം ശരിയല്ല. കയീൻ അങ്ങനെ ചെയ്തതിന്റെ ഫലം അനുഭവിക്കുക തന്നെ ചെയ്തു.

ജാതികൾ അവരുടെ ആരാധനകളിൽ വ്യത്യസ്തമായ പല വാദ്യോപകരണങ്ങൾ ഉപയോഗിച്ച് വന്നിട്ടുണ്ട്. യെഹൂദന്മാർ പരിമിതമായ രീതിയിലും ഉപയോഗിച്ചു വന്നിട്ടുണ്ട്. അവർ യെരുശലേം ദേവാലയത്തിനു പുറത്തു മാത്രമെ ഉപയോഗിച്ചിരുന്നുള്ളു എന്നതാണ് പ്രത്യേകത. മറ്റുള്ളവർ ചെയ്യുന്നതിനെ അനുകരിക്കുന്ന പ്രവണത മനുഷ്യരിൽ ഉണ്ട്. എന്നാൽ അതാണോ പുതിയ നിയമ പുസ്തകത്തിൽ നാം വായിക്കുന്നത് ? ഒരു കുടുംബമായി, കർത്താവിന്റെ സഭയായി ദൈവത്തെ ആരാധിക്കുന്നവർ എങ്ങനെ ആരാധിക്കണമെന്ന് പ്രബോധിപ്പിച്ചിട്ടുണ്ട്. നാം അതു ശ്രദ്ധയോടെ വായിച്ച് മനസിലാക്കി പ്രവർത്തിക്കണം.

★ പിന്നെ അവർ സ്തോത്രം പാടിയ ശേഷം ഒലിവു മലക്കു പോയി (മത്തായി 26:30; മർക്കൊസ് 14;26).

★ അർദ്ധരാത്രിക്കു പൌലൊസും ശീലാസും പ്രാർത്ഥിച്ചു ദൈവത്തെ പാടി സ്തുതിച്ചു (പ്രവൃത്തി 16:25).

★ അതുകൊണ്ടു ഞാൻ ജാതികളുടെ ഇടയിൽ നിന്നെ വാഴ്ത്തി നിന്റെ നാമത്തിനു സ്തുതി പാടും (റോമർ 5: 10).

★ ആകയാൽ എന്തു ? ഞാൻ ആത്മാവുകൊണ്ടു പാടും; ബുദ്ധികൊണ്ടും പാടും (1 കൊരിന്ത്യർ 14:15).

★ സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മികഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടിയും കീർത്തനം ചെയ്തും കൊണ്ടിരിപ്പിൻ (എഫെസ്യർ 5:19).

★ സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മികഗീതങ്ങളാലും തമ്മിൽ പഠിപ്പിച്ചും ബുദ്ധിയുപദേശിച്ചും നന്ദിയോടെ നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തിനു പാടിയും ഇങ്ങനെ ക്രിസ്തുവിന്റെ വചനം ഐശ്വര്യമായി സകല ജ്ഞാനത്തോടും കൂടെ നിങ്ങളിൽ വസിക്കട്ടെ (കൊലൊസ്യർ 3:16).

സഭ കൂടി വരുമ്പോൾ പാടേണ്ട വിധം ഇത്തരത്തിലാണ്. നാം ഏതെങ്കിലും ഒന്നു ഇതിനോടു കൂട്ടുവാനോ കുറക്കുവാനോ പാടില്ല (വെളിപ്പാട് 22:18-19).

നമ്മുടെ ആത്മിയമായ ആരാധനയിൽ ഹൃദയപൂർവ്വം പാടുകയാണ് വേണ്ടത് (എഫെസ്യർ 5:19). ആരാധനയിൽ ദൈവത്തിനു പ്രസാദകരമായതു മാത്രം സ്വീകരിക്കാം.

★

# ആദ്യത്തെ കൊലപാതകം

**ബാബു ജോസഫ്**

അവൻ വയലിൽ ഇരിക്കുമ്പോൾ കയീൻ തന്റെ അനുജനായ ഹാബേലിനോട് കയർത്തു അവനെ കൊന്നു (ഉല്പത്തി 4:8).

ഭൂമിയിലെ ആദ്യത്തെ കൊലപാതകം. ആദാം ഹവ്വ ദമ്പതികളുടെ മക്കളിൽ നിന്നും ഇതാരംഭിച്ചു. സ്വന്ത സഹോദരനെ കൊന്ന് ആരംഭംകുറിച്ച രക്തച്ചൊരിച്ചിൽ പിന്നീട് സർവ്വസാധാരണമായി. അധികാരം പിടിച്ചെടുക്കാൻ ആയുധമേന്തിയ പടയാളികൾ, അംഗനമാർക്കുവേണ്ടി അരമനയ്ക്കകത്ത് അങ്കം കുറിച്ച രാജാക്കന്മാർ, സാമ്രാജ്യത്തിന്റെ വിസ്തൃതിക്കുവേണ്ടി ചോരപ്പുഴയൊഴുക്കിയ സാമ്രാട്ടുകൾ, മതങ്ങൾക്കു വേണ്ടി അഭിപതനം നടത്തിയ മതാന്ധന്മാർ, നേതാക്കൾക്കു വേണ്ടി രാഷ്ട്രീയബലിവേദിയിൽ കുരുതികൊടുക്കപ്പെട്ട സാധാരണക്കാർ.... ഇവയെല്ലാം മാനവരാശിയുടെ മുഖം വികൃതമാക്കിയ ചോരപ്പാടുകളാണ്. അധർമ്മത്തിന്റെ ഈ തിരുസ്വരൂപത്തിനു കൂടിലെന്നോ കൊട്ടാരമെന്നോ, അവികസിത രാജ്യമെന്നോ വികസിതരാജ്യമെന്നോ, കിഴക്കു പടിഞ്ഞാറെന്നോ വ്യത്യാസമില്ല.

അന്യായത്തിനുള്ള അടങ്ങാത്ത ആവേശം എന്തുകൊണ്ട് ? കുപ്രസിദ്ധിയിൽ ലജ്ജ തോന്നാത്തതെന്തുകൊണ്ട് ? നിയമത്തെ ഭയപ്പെടുന്നതെന്തുകൊണ്ട് ? പ്രധാനമായും രക്ഷപ്പെടുവാനുള്ള മാർഗ്ഗങ്ങൾ ഉണ്ടെന്നുള്ളതുതന്നെ. മെനഞ്ഞെടുക്കുന്ന നുണക്കഥകളും, വ്യാജമാർഗ്ഗങ്ങളും ഇവിടെ വിജയം വരിക്കുന്നു. നിയമത്തിന്റെ പഴുതുകൾ കൊണ്ട് സത്യത്തെ ചവിട്ടിമെതിക്കുന്ന കാഴ്ച കോടതികളിൽ നിത്യസംഭവങ്ങളാകുന്നു. രാഷ്ട്രീയ സ്വാധീനവും, പണവും പ്രതാപവും അഴിമതിയും ഇവിടെ വാടക കൊലയാളികളെ സൃഷ്ടിക്കുന്നു. കൊലചെയ്യപ്പെട്ട മൃതദേഹത്തിലെ മുറിവുകളുടെ വർദ്ധിച്ച എണ്ണം കൊലയാളിയുടെ 'ഡിമാൻറ്' ഉയർത്തുന്നു. കൊലപാതകങ്ങളെ ആത്മഹത്യകളാക്കിമാററി പൊതുജനങ്ങളെ വായനക്കാരാക്കി മാററുന്നു.

അരുകൊലയ്ക്കും മനുഷ്യനെ പ്രേരിപ്പിക്കുന്ന സംഗതിയെന്താണ് ? എവിടെയാണു തെററുപററിയത്. മണ്ണി

നും പെണ്ണിനും പൊന്നിനും വേണ്ടിയാണിതൊക്കെ ചെയ്യുന്നതെന്നു പറയുന്നത്. 'വിള്ളലിൽ വെള്ള തേച്ചേടുക്കുന്നതു' പോലെയേയുള്ളൂ. കാരുണ്യത്തിന്റെ കൈത്തിരിയും സാന്ത്വനത്തിന്റെ കരവുമായി ഒറീസ്സയിൽ വന്നിറങ്ങിയ ഗ്രഹാം സ്റ്റെയിൻസിനെയും മക്കളെയും പ്രതികാരാഗ്നിയിൽ ഹോമിച്ചത്, അരുൾ ദാസിനെ കൊന്നത്, മിഷനറിമാർ വധിക്കപ്പെട്ടത് മണ്ണിനും പെണ്ണിനും പൊന്നിനും വേണ്ടിയല്ലല്ലോ. മതാന്ധത ബാധിച്ച മനഃസാക്ഷി മരവിച്ച കാട്ടാളന്മാർ ചെയ്യുന്ന ക്രൂരകൃത്യമായിരുന്നു അത്. ദൈവസ്നേഹം അറിയാത്തതിനാൽ ദൈവഭയമില്ലാത്തതിനാലത്രേ ഇവ സംഭവിക്കുന്നത്.

അധർമ്മം പ്രവർത്തിക്കുന്നവരേ, ഒന്നോർക്കുക- ദൈവം ന്യായവിസ്താരം നടത്തുന്ന ഒരു ദിവസമുണ്ട്. കയീൻ ഹാബേലിനെ കൊന്നപ്പോൾ ആ കേസ് ഏറ്റെടുത്ത് അന്വേഷിച്ചത് C.B.I യോ F.B.I. യോ ആയിരുന്നില്ല. ഇൻഡ്യയിൽ മാത്രം മൂന്നു കോടിയിൽപരം കേസുകൾ കെട്ടിക്കിടക്കുന്നു എന്നു കണക്കുകൾ പറയുന്നു. ദൈവമാണ് ആ കേസ് അന്വേഷിച്ചത്. അതിനാൽ കാലതാമസം നേരിട്ടില്ല; ഉടനെ കേസിന്റെ വിധിയും വന്നു. നിന്റെ അനുജനായ ഹാബേൽ എവിടെ ? എന്ന് ദൈവം കയീനോടു ചോദിക്കുന്നു (ഉല്പത്തി 4:6). നീ ഉഴന്നു നടക്കുമെന്നും ശാപഗ്രസ്ഥനാകുമെന്നും, നിന്റെ പ്രയത്നങ്ങളിൽ നീ കൃതാർത്ഥനാകയില്ലെന്നും, ദൈവം കയീനെ ശപിച്ചു (ഉല്പത്തി 4:11-15).

കയീൻ ചെയ്ത കൊലപാതകത്തിൽ എന്തുകൊണ്ട് ദൈവം ഇടപ്പെടുന്നു. മനുഷ്യന്റെ ആയുസ്സിന്റെ മേൽ അധികാരമുള്ളവൻ ദൈവം മാത്രമാണെന്നു ബൈബിൾ പറയുന്നു സഭാ.പ്ര. 8:8. ജീവൻ നല്കിയത് ദൈവമാണ്; ആകയാൽ ജീവൻ തിരിച്ചെടുക്കുവാനും ദൈവത്തിനു മാത്രമെ അധികാരമുള്ളൂ (ഉല്പത്തി 2:7,8; സഭാ. പ്ര. 5:8).

മനുഷ്യമനസ്സുകളിൽ ദൈവസ്നേഹം നിറയണം, മനുഷ്യൻ ദൈവമുള്ളവനായി തീരണം. അതിനു മനുഷ്യനു വേണ്ടി കാൽവറിയിലെ കൊലക്കളത്തിൽ യാഗമായി തീർന്ന്, പാപികളായ മനുഷ്യവർഗ്ഗത്തെ സ്നേഹിച്ച കർത്താവിനെ രക്ഷിതാവായി സ്വീകരിക്ക. എത്ര വലിയ പാപത്തെയും ഏതു വലിയ പാപിയെയും സ്ഥലസാഹചര്യ വ്യത്യാസമെന്യെ യേശു രക്ഷിക്കുന്നു.

ബൈബിൾ പറയുന്നു-

"മരണത്തിനു കൊണ്ടു പോകുന്നവരെ വിടുവിക്കുക; കുലെക്കായി വിറച്ചു ചെല്ലുന്നവരെ രക്ഷിപ്പാൻ നോക്കു" (സദൃ. 24:11).

"ഇവ നീ ചെയ്തു ഞാൻ മിണ്ടാതിരിക്കയാൽ ഞാൻ നിന്നെപ്പോലെയുള്ളവനെന്നു നീ നിരൂപിച്ചു. എന്നാൽ ഞാൻ നിന്നെ ശാസിച്ചു. നിന്റെ കണ്ണിൻമുമ്പിൽ അവയെ നിരത്തിവെയ്ക്കും" (സങ്കീ. 50:21).

"ഒരു രാജാവ് നീതിയോടെ വാഴും" (യെശ. 32:1).

★

# വിശ്വസ്തമായ ചൊല്ലുകൾ

## മെൽ ഫ്യൂട്രൽ

പഴഞ്ചൊല്ലുകൾ നമ്മൾ എല്ലാവരും കേട്ടിട്ടുണ്ട്. ആകയാൽ അതു സുപരിചിതമാണ്. പഴഞ്ചൊല്ലിൽ പതിരില്ല എന്നു പറഞ്ഞു കേട്ടിട്ടുണ്ട്. എന്നാൽ അതു പൂർണ്ണമായും ശരിയല്ല. മനുഷ്യരുടെ ഊഹാപോഹങ്ങൾ മാത്രമായ പഴഞ്ചൊല്ലുകളിൽ പഴുതുകൾ ഉണ്ടാകും. പക്ഷെ വിശ്വസ്തമായ ചൊല്ലുകളിൽ കഴമ്പുണ്ട്. അതു തീർച്ചയായും ശരിയായിരിക്കും. അതിനു വിലയുമുണ്ടാകും. അങ്ങനെയുള്ള വിശ്വാസയോഗ്യമായ ചൊല്ലുകളെയാണ് ഇ

വിടെ പരാമർശിക്കുന്നത്. യഹോവയുടെ ന്യായപ്രമാണം തികവുള്ളത്; അതു പ്രാണനെ തണുപ്പിക്കുന്നു. യഹോവയുടെ സാക്ഷ്യം വിശ്വാസയോഗ്യമാകുന്നു. അതു അല്പ ബുദ്ധിയെ ജ്ഞാനിയാക്കുന്നു (സങ്കീർത്തനങ്ങൾ 19;7). എന്റെ അപ്പൻ എന്നോടു പറഞ്ഞിട്ടുണ്ട്; 'അല്ലെങ്കിൽ പണ്ടാരോ പറഞ്ഞിട്ടുണ്ട്' എന്നെല്ലാം പറഞ്ഞിട്ടു ചില ചൊല്ലുകൾ ഗുണപാഠമായി സ്വീകരിക്കാനായി ആളുകൾ പറഞ്ഞുകേട്ടിരിക്കുമല്ലോ; നിങ്ങൾ അതു എഴുതി എടുക്കുക; അല്ലെങ്കിൽ കാണാതെ പഠിക്കുക; എന്നെങ്കിലും അതു സത്യമാണെന്നു ബോധ്യമാകും എന്നെല്ലാം പറയാറുണ്ട്. സുപ്രധാനമായ ഏതാനും ചൊല്ലുകൾ ഇവിടെ വിശദീകരിക്കാം. അവയുടെ വിശ്വസ്തതയും പരിശോധിക്കുക.

വിശ്വസനീയമായതും എണ്ണികൂടാത്തതുമായ അനവധി ചൊല്ലുകൾ ബൈബിളിൽ ഉണ്ട്. ബൈബിൾ ദൈവവചനമാകയാൽ എല്ലാ തിരുവെഴുത്തും ദൈവശ്വാസീയം തന്നെ (2 തിമൊഥെയൊസ് 3:16-17). പുതിയ നിയമത്തിലെ ചില പ്രസ്താവനകൾ വിശ്വസ്ത ചൊല്ലുകളായി എടുത്തു പറയപ്പെടുന്നവയാണ്. ദയവായി അവ ശ്രദ്ധിക്കുക.

1 യേശുക്രിസ്തു പാപികളെ രക്ഷിപ്പാൻ വന്നു എന്നതു വിശ്വസനീയമായ വസ്തുതയാണ്. അവന്റെ വരവിന്റെ ഉദ്ദേശത്തെ കേന്ദ്രീകരിച്ചുള്ള പ്രസ്താവനയാണിത് (1 തിമൊഥെയൊസ് 1:15).

2 1 തിമൊഥെയൊസ് 3:1 ഒരുവൻ അദ്ധ്യക്ഷ സ്ഥാനം കാംക്ഷിക്കുന്നുവെങ്കിൽ നല്ലവേല ആഗ്രഹിക്കുന്നു എന്നാണ് പറഞ്ഞിരിക്കുന്നത്. മൂപ്പന്മാർ അഥവാ ബിഷപ്പുമാർ ആകുന്നതിനെ കുറിച്ചാണ് പറഞ്ഞിരിക്കുന്നത്.

3 1 തിമൊഥെയൊസ് 4:8-9 ശരീരാഭ്യാസം അല്പ പ്രയോജനമുള്ളതത്രേ. ദൈവഭക്തിയോ ഇപ്പോഴത്തെ

ജീവൻെറയും വരുവാനിരിക്കുന്നതിൻെറയും വാഗ്ദത്തമുള്ളതാകയാൽ സകലത്തിനും പ്രയോജനകരമാകുന്നു. ഇതു വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം. ദൈവ ഭക്തിയുടെ വിലയാണ് ഇവിടെ ഊന്നി പറഞ്ഞിരിക്കുന്നത്.

4 2 തിമൊഥെയൊസ് 2:11-13-നാം അവനോടുകൂടെ മരിച്ചു എങ്കിൽ കൂടെ ജീവിക്കും; സഹിക്കുന്നു എങ്കിൽ കൂടെ വാഴും; നാം തള്ളി പറയും എങ്കിൽ അവൻ നമ്മെയും തള്ളിപ്പറയും. നാം അവിശ്വസ്തരായി തീർന്നാലും അവൻ വിശ്വസ്തനായി പാർക്കുന്നു; തൻെറ സ്വഭാവം ത്യജിപ്പാൻ അവനു കഴിയില്ലല്ലൊ. ഈ വചനം വിശ്വാസ്യയോഗ്യമാകുന്നു. മരിച്ചാൽ ജീവിക്കും എന്നതു ഒരാൾ സ്നാനപ്പെടുമ്പോൾ പാപ സംബന്ധമായ ശരീരത്തെ മരിപ്പിക്കുന്നതു സൂചിപ്പിക്കുന്നു. അങ്ങനെ മരിക്കുന്നവൻ ജീവിക്കും. സഹിക്കുന്നുവെങ്കിൽ കൂടെ വാഴും. ഏതു പരീക്ഷണവും സഹിഷ്ണുതയോടെ നേരിട്ടാൽ അതു സാധിക്കും. നാം തള്ളി പറഞ്ഞാൽ നമ്മെയും തള്ളിപറയും. നാം വിതെക്കുന്നതു തന്നെ കൊയ്യും എന്നു പറയുന്നതു പോലെയാണ്.

5 ഈ വചനം വിശ്വാസയോഗ്യമാകുന്നു. ദൈവത്തിൽ വിശ്വസിച്ചവർ സൽപ്രവൃത്തികളിൽ ഉത്സാഹികളായിരിപ്പാൻ കരുതേണ്ടതിനു നീ ഇതു ഉറപ്പിച്ചു പറയേണം എന്നു ഞാൻ ഇച്ഛരിക്കുന്നു (തീത്തൊസ് 3:8). ഇതു ശുഭവും മനുഷ്യർക്കു ഉപകാരവും ആകുന്നു. കൃപയാൽ നീതീകരിക്കപ്പെട്ടിട്ട് പ്രത്യാശ പ്രകാരം നാം അവകാശികളായി തീരും എന്നതു വിശ്വസിക്കത്തക്കതാണ്. 1 തിമൊഥെയൊസ് 4;8-9 വാക്യങ്ങളിലേക്കു നാം തിരിഞ്ഞു നോക്കുമ്പോൾ ശരീരാഭ്യാസം അല്പം പ്രയോജനപ്പെടും എന്നും എന്നാൽ ദൈവ ഭക്തി എല്ലാ കാലത്തും എല്ലാവർക്കും ഉപകാരപ്പെടും എന്നും പറഞ്ഞിരിക്കുന്നു. സഹോദരന്മാരേ ഇതു നാം മനസിലാക്കിയിരിക്കണം. ആ പ്രസ്താവ

നയിൽ അടങ്ങിയിരിക്കുന്ന തത്വവും വിലയും മഹത്തരമാണ്. എല്ലാവരും അംഗീകരിപ്പാൻ യോഗ്യമായ വാചക ഘടനയാണത്.

ഈ തലമുറയിലെ വിശുദ്ധന്മാരെ അറിയപ്പെടുന്നതു എങ്ങനെയെന്നു അറിയേണ്ടതാണ്. അവർക്കു തീഷ്ണതയും ആവേശവും ഉണ്ട്. അവരുടെ മക്കൾ സ്വർഗ്ഗത്തിൽ പ്രകാശിതരായി കാണുവാൻ ആഗ്രഹിക്കുന്നതിനു പകരം ഈ ഭൂമിയിൽ അവർ ശോഭിതരായി കാണുവാൻ അവർ പരിശ്രമിക്കുന്നു. അവർ ഇവിടെ ധനികരാകുവാൻ വെമ്പൽ കൊള്ളുന്നു. എന്നാൽ നിത്യ ജീവന്റെ കാര്യത്തിലോ അവർ നിക്ഷേപരഹിതരായി തീരുന്നു. ദൈവ വിഷയമായി അവർ സമ്പാദിക്കുന്നേയില്ല. അവരുടെ മക്കളുടെ സ്വഭാവ വിശുദ്ധിയെ രൂപപ്പെടുത്തുന്നതിനു പകരം അവർക്കുവേണ്ടി സ്വത്തു സമ്പാദിക്കുന്ന വ്യഗ്രതയാണവർക്ക്. നിലനില്ക്കാത്തതും നശിക്കുന്നതുമായ അവരുടെ അദ്ധ്വാനം എന്തിനുവേണ്ടി ? സമൂഹത്തിന്റെ മാന്യതയ്ക്കും അംഗീകാരത്തിനും വേണ്ടി പാടുപെടുന്ന മാതാപിതാക്കൾ അവരുടെ ജീവിതാവസാനം തിരിഞ്ഞു നോക്കുമ്പോൾ ശൂന്യതയാണ് അവർക്ക് അനുഭവപ്പെടുന്നത്. വഞ്ചനയും അഴിമതിയും ദുഷ്ടതയും നിറഞ്ഞ സമൂഹത്തിൽ എന്തിനാണീ മാന്യത ?

പൊന്നിനെക്കാളും ഈ ലോകത്തെക്കാളും വിലയുള്ള ദൈവ വചന പരിശീലനം അവർക്കു കൊടുത്താൽ അവർ ദിവ്യജ്യോതിസുകളെ പോലെ പ്രകാശിക്കും. ആ ഒരു ചിന്തയാണ് പ്രായപൂർത്തിയായവരിൽ ഉണ്ടാകേണ്ടത്. മിതപരമായ സംസ്ക്കാരവും പരിജ്ഞാനവും ഇന്ന് എവിടെ നില്ക്കുന്നു എന്നു പരിശോധിക്കുക ?

★

# സി. കെ. നാണു മന്ത്രിയായി അധികാരമേറ്റു

സംസ്ഥാന വനം, ഗതാഗത മന്ത്രിയായി സി. കെ. നാണു സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. രാജ്ഭവൻ ഓഡിറ്റോറിയത്തിൽ നടന്ന ഹ്രസ്വമായ ചടങ്ങിൽ ഗവർണർ സുഖ്ദേവ് സിംങ് കാംഗ് സത്യവാചകം ചൊല്ലിക്കൊടുത്തു.

പ്രതിപക്ഷത്തുനിന്നു ചേർക്കളം അബ്ദുല്ലയൊഴികെ ആരും പങ്കെടുത്തില്ല. നാലു മണിക്കാരംഭിച്ച ചടങ്ങ് അഞ്ചു മിനിട്ടേ നീണ്ടുള്ളു. ദൈവനാമത്തിലാണ് സി. കെ. നാണു സത്യപ്രതിജ്ഞയെടുത്തത്. പാർട്ടിയിൽ ഇടഞ്ഞു നിൽക്കുകയാണെങ്കിലും പി. പി. സുലൈമാൻ റാവുത്തർ എം. എൽ. എ. ചടങ്ങിനെത്തിയിരുന്നു. മുൻമന്ത്രി പി. ആർ. കുറുപ്പ് അസാന്നിധ്യം കൊണ്ടു ശ്രദ്ധേയനായി. ലൈംഗികപീഡനാരോപണത്തെ തുടർന്നു മന്ത്രിസ്ഥാനമൊഴിയേണ്ടിവന്ന നീലലോഹിതദാസൻ നാടാർ സത്യപ്രതിജ്ഞാ ചടങ്ങിലുടനീളം സജീവമായി പങ്കെടുത്തിരുന്നു.

## എം. പി. മാരുടെ യോഗം പ്രതിപക്ഷം ബഹിഷ്കരിച്ചു

പാർലമെന്റ് ബജറ്റ് സമ്മേളനത്തിനു മുന്നോടിയായി മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ എം. പി. മാരുടെ യോഗം പ്രതിപക്ഷ എം. പി. മാർ ബഹിഷ്കരിച്ചു. സംസ്ഥാനത്തിന്റെ സമ്പദ്ഘടന തകർക്കുന്ന കേന്ദ്ര നയങ്ങൾക്കെതിരെ പാർലമെന്റിൽ ശബ്ദമുയർത്താൻ ഭരണപക്ഷ എം. പി മാർ തീരുമാനിച്ചു.

പഴയ വർഷങ്ങളാണ് യോഗത്തിൽ വീണ്ടും ചർച്ച ചെ

യ്യുന്നതെന്നും തലസ്ഥാനത്തെ ഹൈക്കോടതി ബഞ്ച്, നെടുമ്പാശ്ശേരി വിമാനത്താവളം തുടങ്ങിയവ അജൻഡയിലില്ലെന്നും ആരോപിച്ചാണ് പ്രതിപക്ഷ എം.പി.മാർ യോഗം ബഹിഷ്കരിച്ചത്. കെ. മുരളീധരൻ, എ.സി. ജോസ് കൊടിക്കുന്നിൽ സുരേഷ്, വി.എസ്. ശിവകുമാർ എന്നിവർ ഈ പ്രശ്നമുന്നയിച്ചു ശബ്ദമുയർത്തിയ ശേഷം ഇറങ്ങിപ്പോവുകയായിരുന്നു. വൈകിയെത്തിയ പി.സി. തോമസും ഇവരോടൊപ്പം യോഗം ബഹിഷ്കരിച്ചു.

കേരളത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കാൻ വിളിച്ചുകൂട്ടിയ യോഗത്തിൽനിന്നു പ്രതിപക്ഷാംഗങ്ങൾ ഇറങ്ങിപ്പോയതു നിർഭാഗ്യകരമാണെന്നും അവർ തെററു തിരുത്തണമെന്നും മുഖ്യമന്ത്രി നായനാർ അഭിപ്രായപ്പെട്ടു.

കേന്ദ്ര നികുതി വിഹിതം ഗണ്യമായി കുറയ്ക്കാനുള്ള കേന്ദ്ര തീരുമാനം സംസ്ഥാനത്തിനു പ്രതിവർഷം 80 കോടി രൂപയുടെ നഷ്ടമുണ്ടാക്കുമെന്നു മുഖ്യമന്ത്രി അധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു. കേരളത്തിന്റെ വാർഷിക പദ്ധതിയിൽ നിന്ന് 531 കോടി രൂപ വെട്ടിക്കുറച്ച കേന്ദ്ര നടപടി സാമ്പത്തിക ഫെഡറൽ സമ്പ്രദായത്തെ തകർക്കുമെന്ന് മന്ത്രി ടി. ശിവദാസമേനോൻ അറിയിച്ചു. ഇത് ഇക്കൊല്ലത്തെ പദ്ധതി നടത്തിപ്പിനെയാകെ ബാധിക്കും. ഇന്ദിരാവികാസ് പത്ര നിർത്തലാക്കിയത് സംസ്ഥാനത്തിന് നഷ്ടമുണ്ടാക്കും. ഇതിനു പകരം സംവിധാനം ഏർപ്പെടുത്തണം. പണം വരുന്ന എല്ലാ വഴിയും കേന്ദ്രം അടയ്ക്കുകയാണ്. ലോട്ടറി നിരോധനമാണ് സംസ്ഥാനത്തെ ബാധിക്കുന്ന മറെറാരു നടപടി. ഒന്നുകിൽ ഏകീകൃത വില്പന നികുതി എല്ലായിടത്തും ഒരു പോലെ നടപ്പാക്കണം. അല്ലെങ്കിൽ സംസ്ഥാനങ്ങളുടെ ഇഷ്ടത്തിനു വിടണം മന്ത്രി ശിവദാസമേനോൻ പറഞ്ഞു.

## ശ്രീലങ്കൻ കപ്പൽ ദുരൂഹത തുടരുന്നു

കരുംകുളം കൊച്ചുതുറ കടൽത്തീരത്തു നങ്കൂരമിട്ട

ശ്രീലങ്കൻ കപ്പൽ അധികൃതർ പരിശോധിച്ചുവെങ്കിലും കപ്പലിനെക്കുറിച്ചും പിടിയിലായവരെക്കുറിച്ചുമുള്ള ദുരൂഹത തുടരുന്നു. ഏത് അടിയന്തരഘട്ടമുണ്ടായാലും കപ്പലിൽനിന്നും പുറത്തിറങ്ങാൻ പാടില്ലാത്ത ക്യാപ്ടൻ കരയിൽ വന്നതും ദീർഘദൂര യാത്രയായിട്ടും ആവശ്യത്തിനുള്ള ഭക്ഷണം കരുതാതിരുന്നതും അടക്കം കപ്പൽ ജീവനക്കാരുടെ ചെയ്തികളാണ് അധികൃതരിലും നാട്ടുകാരിലും സംശയമുണർത്തിയിട്ടുള്ളത്.

കോസ്റ്റ് ഗാർഡ്, കസ്റ്റംസ്, പൊലീസ് എന്നിവരുടെ നേതൃത്വത്തിൽ ബുധനാഴ്ച കപ്പൽ പരിശോധിച്ചിരുന്നു. കപ്പലിനുള്ളിൽ സംശയിക്കത്തക്കതായി ഒന്നും കണ്ടെത്താനായില്ലെന്ന് അധികൃതർ വ്യക്തമാക്കിയിരുന്നു. സ്ഫോടക വസ്തുക്കളുള്ളതിന്റെ സൂചനയും ഉണ്ടായിരുന്നില്ല. കപ്പൽ കോസ്റ്റ് ഗാർഡിന്റെ നിരീക്ഷണത്തിലാണ്.

ബന്ധപ്പെട്ട അധികൃതരുടെ അനുവാദമില്ലാതെ കരയിലെത്തിയതിനും രേഖകളില്ലാത്തതിനും പിടിയിലായ ക്യാപ്റ്റനടക്കമുള്ള മൂന്നു കപ്പൽ ജീവനക്കാർ ഇപ്പോഴും റിമാൻഡിലാണ്. ക്യാപ്റ്റൻ ക്രിസ്റ്റി പെരേര, അസി. ക്യാപാറ്റൻ സുമോദാ സാമാന്ത ബുദ്ധിക, മുഖ്യ പാചകക്കാരൻ ജോൺ മൈക്കേൽ എന്നിവരാണ് റിമാൻഡിൽ കഴിയുന്നത്. ശ്രീലങ്കയിൽ നിന്നും വാങ്ങിയ ഹമറിയ 4 എന്ന എണ്ണക്കപ്പലിന് 14 നോട്ടിക്കൽ മൈൽ വേഗമുണ്ടാവുമെന്നാണ് കരുതിയതെങ്കിലും ഓട്ടത്തിൽ വെറും അഞ്ച് നോട്ടിക്കൽ മൈൽ വേഗത മാത്രമേ കിട്ടുന്നുള്ളുവെന്ന് പിടിയിലായവർ പറഞ്ഞതായി അധികൃതർ അറിയിച്ചു.

# സി. ടി. സ്കാൻ യൂണിറ്റിന്റെ പ്രവർത്തനം വീണ്ടും നിലച്ചു

മെഡിക്കൽ കോളേജ് ആശുപത്രിയിലെ സി.ടി. സ്

കാൻ യൂണിററ് വീണ്ടും പ്രവർത്തനരഹിതമായി.

യൂണിററിന്റെ പ്രവർത്തനം നിലച്ചതിനെത്തുടർന്നു വിഹനാപകടങ്ങളിലും മററും പരുക്കേററ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സ തേടിയെത്തുന്നവർ പുറമെനിന്നു സ്കാനിങ്ങ് നടത്തേണ്ട ഗതികേടിലാണ്.

യൂണിററിൽ സ്ഥാപിച്ചിട്ടുള്ള വിദേശ നിർമിതയന്ത്രം തകരാറിലായതാണ് പ്രവർത്തനം നിലയ്ക്കാൻ കാരണമെന്നു ഡോക്ടർമാർ പറഞ്ഞു. മെഡിക്കൽ കോളേജ് ആശുപത്രിയിലെ സി.ടി സ്കാൻ യൂണിററിൽ 600 രൂപയ്ക്കു നടത്തിയിരുന്ന സ്കാനിങ്ങിനു പുറത്തെ സ്വകാര്യ സ്കാൻ യൂണിററുകൾ 1400 രൂപ മുതൽ 2000 രൂപവരെ രോഗികളിൽ നിന്ന് ഈടാക്കുന്നതായി പരാതിയുണ്ട്. ഇതുകാരണം പുറമെനിന്നു സി. ടി സ്കാനിങ്ങ് നടത്താൻ രോഗികൾക്കു കഴിയാതായി.

തലയ്ക്കു ഗുരുതരമായി പരുക്കേററ് അടിയന്തര ചികിത്സ തേടിയെത്തുന്നവരെ റീജനൽ കാൻസർ സെൻററിൽ എത്തിച്ചാണ് ഇപ്പോൾ സ്കാനിങ്ങ് നടത്തുന്നത്. എന്നാൽ ഇതിനു പ്രധാന ഡോക്ടറുടെ പ്രത്യേക അനുമതി ആവശ്യമായതിനാൽ പലപ്പോഴും സ്കാനിങ്ങ് വൈകുന്നു.

അപകടങ്ങളിൽ പരുക്കേററു മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുന്ന രോഗികളെ സംബന്ധിച്ചിടത്തോളം സി. ടി. സ്കാൻ യൂണിററ് അനിവാര്യമായ ഘടകമാണ്. ന്യൂറോ സംബന്ധമായ പരിശോധനകൾ പോലും സ്കാനിങ്ങ് നടത്തിയശേഷമേ ആരംഭിക്കാനാവുകയുള്ളുവെന്നു ഡോക്ടർമാർ പറയുന്നു.

★

# സഭ്യേതരമായി വസ്ത്രം ധരിച്ച സ്ത്രീകൾ

**ഗ്ലെൻ കോളെ**

ഒരു സുവിശേഷ പ്രസംഗകൻ എന്ന നിലയിൽ എന്നെ വേദനിപ്പിക്കുന്ന വിഷയമാണിത്. ഇതു ഒരിക്കലും ചർച്ച ചെയ്യപ്പെടാതിരുന്നെങ്കിൽ എന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. ഇതു പഠിപ്പിക്കുന്നവർക്കും കേൾക്കുന്നവർക്കും ലജ്ജ ഉളവാക്കുന്ന ഒന്നാണിത്. മാന്യമല്ലാത്ത രീതിയിൽ വസ്ത്രം ധരിച്ചു നടക്കുന്നവർക്കു ഇതു ദേഷ്യം ജനിപ്പിക്കും എന്നെനിക്കറിയാം. അവരെ കളിയാക്കുന്നതായി ചിലപ്പോൾ തോന്നിയേക്കാം. അവർ കഴമ്പില്ലാത്ത വാദഗതികൾക്കു മുതിരും.. പക്ഷെ നാം ഇതു പരാമർശിക്കേണ്ടിയിരിക്കുന്നു. സഭയിൽ ആയിത്തീർന്ന സ്ത്രീകൾ നീളം കുറഞ്ഞതും ശരീരത്തിൽ ഒട്ടി കിടക്കുന്നതും ശരീര ഭാഗങ്ങൾ പ്രദർശിപ്പിക്കുന്നതുമായ വസ്ത്ര ധാരണം ചെയ്യുന്നതു തെററു തന്നെയാണ്. മനുഷ്യൻ, ഭർത്താവ്, സ്ത്രീ, ഭാര്യ, അമ്മ എന്നീ ബന്ധങ്ങളെ വികൃതമാക്കാൻ ശ്രമിക്കുന്നവരാണ്. അവർ അറിയാതെ മററുള്ളവരിലെ ലൈംഗിക വാസനയെ ഉത്തേജിപ്പിക്കുകയാണ് ചെയ്യുന്നത്. ഭാര്യക്കും ഭർത്താവിനുമായി ദൈവം രൂപപ്പെടുത്തിയിട്ടുള്ള വാസനയെ അവർ തെററായി ഉപയോഗിക്കുന്നു. അതാണ് ഇതിൽ അടങ്ങിയിട്ടുള്ള ദൂഷ്യവശം. ദൈവം മാന്യമായി വെച്ചിരിക്കുന്നതിനെ അവർ മന്യേതയില്ലാതാക്കി തീർക്കുന്നു.

യാദൃശ്ചികമായിട്ടല്ല ദൈവം സ്ത്രീയെ രൂപപ്പെടുത്തിയത്. ആകാശത്തിലോ ജന്തു ജാലങ്ങളിലോ കാണപ്പെടാത്ത ഒരു പ്രത്യേക ഉദ്ദേശം പ്രഥമ സ്ത്രീയായ ഹവ്വയിൽ നാം കാണുന്നുണ്ട്. ആദാം മുതൽ അവന്റെ സന്തതി പരമ്പരയിലുള്ള എല്ലാ പുരുഷന്മാർക്കും സ്ത്രീകളോടു ആകർഷണീയതയുണ്ട്. എന്താണ് കാരണം ? അതു നിമിത്തം അ

വർ അപ്പനെയും അമ്മയെയും വിട്ടു പിരിഞ്ഞു ഒരു ദേഹമായി തീരും. ഭാര്യയും ഭർത്താവും അന്നു നഗ്നരായിരുന്നുവെങ്കിലും അവർക്കു നാണം തോന്നിയിരുന്നില്ല (ഉല്പത്തി 2:24-25). ദൈവം തന്റെ നിർണ്ണയ പ്രകാരം നിർമ്മിച്ചതുകൊണ്ടാണ് പുരുഷൻ സ്ത്രീയോടു ലൈംഗികമായി ആകർഷിക്കപ്പെടുന്നത്. അതു സ്വാഭാവിക മാർഗ്ഗത്തിലൂടെ തന്നെ ലഭ്യമാണ്. ക്രിത്രിമമായ മാർഗ്ഗം ആ ആവശ്യം നിറവേററുവാനായി ആവശ്യമില്ല. ഇതു തെററായി ഉപയോഗിച്ച് വികൃതമാക്കുവാനല്ല ദൈവം സ്ത്രീയെയും പുരുഷനേയും സൃഷ്ടിച്ചത്. 'യേശുക്രിസ്തു പറഞ്ഞിരിക്കുന്നതു: ഞാനോ നിങ്ങളോടു പറയുന്നതു: സ്ത്രീയെ മോഹിക്കേണ്ടതിനു അവളെ നോക്കുന്നവൻ എല്ലാം ഹൃദയം കൊണ്ടു അവളോടു വ്യഭിചാരം ചെയ്തുപോയി എന്നാണ് (മത്തായി 5:28).

ഒരു ഭർത്താവും ഭാര്യയും തമ്മിലുള്ള ശാരീരിക ആകർഷണവും, ബീച്ചിലോ പുഴക്കടവിലോ, പാർക്കിലോ വെച്ചു കാണുന്ന സ്ത്രീ പുരുഷന്മാർ തമ്മിലുളള ആകർഷണവും തമ്മിൽ വ്യത്യാസമുണ്ട്. രണ്ടും ഭൗതികമായ ആകർഷണമാണ്. പക്ഷെ വ്യത്യാസം നാം ശ്രദ്ധിക്കണം. ശലോമോൻ ദൈവ ജ്ഞാനത്താൽ പ്രസ്താവിച്ചിരിക്കുന്നതു: നിന്റെ ഉറവ് അനുഗ്രഹിക്കപ്പെട്ടിരിക്കട്ടെ. നിന്റെ യൌവനത്തിലെ ഭാര്യയിൽ സന്തോഷിച്ചുകൊൾക. കൌതുകമുള്ള പേടമാനും മനോഹരമായ ഇളമാൻ പേടയും പോലെ അവളുടെ സ്തനങ്ങൾ നിന്നെ രമിപ്പിക്കട്ടെ (സദൃശവാക്യങ്ങൾ 5:18-19). അതേ സമയത്തു ഭാര്യയല്ലാത്ത ഒരു സ്ത്രീയെ പുരുഷൻ മോഹിക്കേണ്ടതിനു നോക്കിയാൽ പോലും അവൻ ഉള്ളുകൊണ്ടു വ്യഭിചാരം ചെയ്തുപോയി എന്നാണ്. എന്നാൽ ആളുകൾ പറയുന്നതു ശാരീരികമായി അവർ ബന്ധപ്പെടാത്തിടത്തോളം കുഴപ്പമൊന്നുമില്ല എന്നാണ്. എന്നാൽ ദൈവം നമ്മുടെ പ്രവൃത്തിയും ഹൃദയവും നോക്കുന്നവനാണ്.

ക്രിസ്തീയ സ്ത്രീകളുടെ കഴിവുകളും സ്വാധീനവും എല്ലാം തന്നെ പുരുഷ ഹൃദയങ്ങളിൽ ശക്തമായിട്ടുണ്ടാകും. അവർ ശാരീരികമായി ആകർഷിക്കപ്പെടുവാനല്ല പുതു സൃഷ്ടിയായി തീർന്നതു. അവളുടെ സാന്നിദ്ധ്യം എടുത്തു കാണിക്കുന്നതു അതു തന്നെയായിരിക്കണം. അതിന്റെ ശക്തി ഒരു പക്ഷെ അവൾ അറിഞ്ഞിരിക്കാനിടയില്ല. യോഗ്യമായ വസ്ത്രം ധരിച്ച് തങ്ങളുടെ ആന്തരിക ശുദ്ധി നിലനിർത്തി സൽപ്രവൃത്തികൾ ചെയ്യുമ്പോൾ അതാണ് ക്രിസ്തീയ സ്ത്രീകളുടെ അലങ്കാരം. അവരുടെ വസ്ത്ര ധാരണം യഥാർത്ഥ ദൈവ ഭക്തി പ്രദർശിപ്പിക്കുന്നതായിരിക്കണം (1 തിമൊഥെയൊസ് 2:9-11). ഭംഗിയുള്ള വസ്ത്രം പാടില്ല എന്നോ, തലമുടി പിന്നുകയോ ചെയ്യരുത് എന്നോ ഇവിടെ പറഞ്ഞില്ല. പിന്നെയോ അതല്ല ക്രിസ്തീയ യുവതികളുടെ അലങ്കാരം എന്നാണ്. അലങ്കാരത്തിനായി ഇവ ഉപയോഗിക്കുമ്പോൾ അവർ മറ്റുള്ളവരെ തങ്ങളിലേക്കു ആകർഷിക്കയായിരിക്കും ചെയ്യുക.

ഇനി നമുക്കു 'ലജ്ജാശീലം' എന്ന പദപ്രയോഗത്തിലേക്കു കടക്കാം. സ്ത്രീകൾക്കു സ്വാഭാവികമായി തങ്ങൾ വിവാഹം ചെയ്യാത്ത പുരുഷന്മാരോടു ലജ്ജയുള്ളവരാണ്. ഇതു സ്വാഭാവികമായി അവരിൽ കാണപ്പെടുന്ന ഒരു സ്വഭാവ വിശേഷതയാണ്. ഉദാഹരണമായി, അനവസരത്തിൽ, അവിചാരിതമായി അവളെ ഒരു പുരുഷൻ കണ്ടാൽ അവൾ നാണിച്ചുപോകും. ഫാഷന്റെ പേരിലോ സ്റ്റൈയിലിന്റെ പേരിലോ സഭ്യേത വിട്ടുള്ള വസ്ത്ര ധാരണം തികച്ചും ദൈവോദ്ദേശത്തിനു വിപരീതമായിട്ടുള്ളതാണ്. അതു ഇനി ഏതെല്ലാം വിധത്തിൽ ന്യായീകരിക്കാൻ ശ്രമിച്ചാലും ദൈവത്തോടു വാദിക്കുന്നതായിട്ടേ വരൂ. സ്ത്രീകൾ തങ്ങളുടെ സ്വന്തമിഷ്ടപ്രകാരം വസ്ത്രം ധരിച്ചാൽ അതുകൊണ്ടുണ്ടാവുന്ന പ്രത്യാഘാതവും അനുഭവിക്കണം. മോശമായ വസ്ത്രം ധരിച്ച അഥവാ സഭ്യമല്ലാത്ത രീതിയിൽ വസ്ത്രം അണിഞ്ഞതുകൊണ്ടു ബലാൽസംഗം നടന്ന സംഭവങ്ങൾ ധാരാളമു

ണ്ട്. ബാലിശമോ വിഡ്ഢിത്തമോ ആയ രീതിയിൽ പ്രവർത്തിക്കാൻ, മുതിർന്ന സ്ത്രീകൾ തയ്യാറാകരുത്.

സ്ത്രീയുടെ വസ്ത്രധാരണത്തെ കുറിച്ചു പറയുമ്പോൾ ഇന്നു ധാരാളം പരസ്യങ്ങൾ സ്ത്രീയെ വെച്ചുകൊണ്ടു നടത്തുന്നുണ്ട്. ഇതിനെതിരെ പ്രതികരിക്കാൻ നാരികൾ അധികവും തയ്യാറാകുന്നില്ല. ഒരു ക്രിസ്തീയ സ്ത്രീക്കു ഇതൊന്നും സഹിക്കാവുന്നതല്ല. സഹോദരിമാരോടു എനിക്കു പറയുവാനുള്ളതു, നിങ്ങൾക്കു ഈ വിഷയത്തിലുള്ള അറിവു ലോകപ്രകാരമുള്ളതാണെങ്കിൽ നമ്മുടെ അറിവിന്റെ മാനദണ്ഡം തിരുവെഴുത്താണ് എന്നോർക്കുക. അധാർമ്മികതയും പാപപ്രേരണയും വളർത്തുന്ന പരിഷ്കാരം നമുക്കു വേണ്ട. അടക്കവും ഒതുക്കവും ഉള്ള ഒരു സ്ത്രീ അവളെത്തന്നെ നിയന്ത്രിക്കും. മറ്റുള്ളവർ എന്തു ചെയ്യുന്നു എന്നതു നോക്കി അപ്രകാരം ചെയ്യുന്നതു പല കാര്യത്തിലും ബുദ്ധിമോശമായിരിക്കും. യോഗ്യമായ വസ്ത്രം ധരിക്കുന്നവരെ എല്ലാവരും മാനിക്കും.

ഒരു സ്ത്രീ വസ്ത്രം ധരിക്കുമ്പോൾ പല കാര്യങ്ങൾ ശ്രദ്ധിക്കണം. സുബോധത്തോടെ വേണം അതു ചെയ്യുവാൻ. താൻ ധരിക്കുന്ന വസ്ത്രം, തന്നെ ലജ്ജിപ്പിക്കുന്നതാണോ അതോ എല്ലാവരുടേയും മുൻപിൽ മാന്യമായതാണോ എന്നു ചിന്തിക്കണം. വിവേചനാ ബുദ്ധിയാണിവിടെ ആവശ്യം. താൻ തിരഞ്ഞെടുക്കുന്ന രീതി, തന്നെയോ മറ്റാരെയെങ്കിലുമോ പ്രതികൂലമായി ബാധിക്കാതെ നോക്കണം. നാം ലോകത്തിനു അനുരൂപമാകരുത് എന്നു നമ്മെ പ്രബോധിപ്പിച്ചിരിക്കുന്നു (റോമർ 12:2). മാതാപിതാക്കൾക്കു തങ്ങളുടെ പെൺമക്കളെ കുറിച്ച് ഉത്തരവാദിത്വമുണ്ട്. അവരുടെ വസ്ത്രധാരണത്തിൽ അപാകതകൾ കണ്ടെത്തിയാൽ അവരെ ശാസിച്ച് അത് ആവർത്തിക്കാതിരിക്കാൻ വേണ്ട നിർദ്ദേശം കൊടുക്കണം.

★

# ക്രിസ്തുവിന്റെ മനസ്

## കെയിത്ത് കസാർജിയൻ

മനുഷ്യരുടെ വ്യക്തിത്വത്തിനും ചിന്തക്കും വ്യത്യാസമുണ്ടാകും എന്നതു വാസ്തവമാണ്. എന്നാൽ നമ്മുടെ വിഷയം യേശുക്രിസ്തുവിന്റെ ചിന്തയെ കുറിച്ചാണ്. കർത്താവിന്റെ സഭയിലുള്ള ആളുകളോടു ആത്മിയമായി നിങ്ങൾ വളരുവാൻ ആഗ്രഹിക്കുന്നില്ലേ എന്നു ചോദിച്ചാൽ 'ഉണ്ട്' എന്ന മറുപടിയായിരിക്കും കിട്ടുന്നത്. അധികം പേരും അതിനു ആഗ്രഹിക്കമാത്രം ചെയ്യുകയും അതിനായി ഒന്നും ചെയ്യാതെ ഇരിക്കയും ചെയ്യുന്നു. വേറെ ചിലർ ഏതു സാഹചര്യത്തിലും വളർച്ചക്കായി പരിശ്രമിക്കുന്നു. അവർ പ്രാർത്ഥനക്കും ബൈബിൾ വായനക്കും ധർമ്മ ശേഖരത്തിലായാലും സഭ കൂടി വരുമ്പോഴായാലും അധികം അധികമായി ചെയ്യുന്നുണ്ടെങ്കിലും ചിലർക്കു അപകതയുടെ ശൂന്യത അനുഭവപ്പെടുന്നുണ്ട്. എന്താണ് കാരണം ? എവിടെയാണ് പാകപ്പിഴ സംഭവിച്ചത്? അവർക്ക് ക്രിസ്തുവിന്റെ മനസ് ഇല്ല എന്നു വ്യക്തം.

ക്രിസ്തീയ വളർച്ചക്കു മുൻപായി ഉണ്ടാകേണ്ടതും ഒഴിച്ചുകൂടാനാവാത്തതുമായ ഒന്നാണ് ക്രിസ്തുവിന്റെ മനസ്. എന്താണ് ക്രിസ്തുവിന്റെ ചിന്ത എന്നു അപ്പൊസ്തലൻ നമ്മെ പഠിപ്പിക്കുന്നുണ്ട്. അവൻ പറയുന്നു ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ. അവൻ ദൈവ രൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യ സാദൃശത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി; തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം അനുസരണമുള്ളവനായി തീർന്നു. അതുകൊണ്ടു ദൈവവും അവനെ ഏറ്റവും ഉയർത്തി സകല നാമത്തിനും മേലായ നാമം നല്കി (ഫിലിപ്പിയർ 2:5-9).

രക്ഷകന്റെ മനസ്സ് അഥവാ ഭാവം എന്നു പറഞ്ഞിരിക്കുന്നതിൽ അനേക കാര്യങ്ങൾ അടങ്ങിയിട്ടുണ്ട് എന്നതു ശ്രദ്ധിക്കേണ്ടതാണ്.

സ്വയമായി കീഴ്പ്പെടുന്ന മനോഭാവം ഇതിൽ ഉൾക്കൊള്ളുന്നുണ്ട്. നിർബന്ധത്താലോ ശാഠ്യത്താലോ അല്ല, സ്വയമായി തിരഞ്ഞെടുക്കേണ്ടതാണ് ഈ ഭാവം. ആറാം വാക്യത്തിൽ നാം വായിക്കുന്നതു ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിച്ചില്ല എന്നതാണ്. സ്വന്ത പുകഴ്ച്ചയോ നേട്ടമോ അവൻ എടുത്തില്ല. അത്യാവശ്യമായി ഏതെങ്കിലും ഒരു കാര്യത്തെ വിടാതെ പിടിച്ചുകൊണ്ടിരിക്കുന്ന അർത്ഥമാണ് മൂല ഭാഷയിൽ നാം വായിക്കുന്നത്. സ്വന്തം ഇച്ഛയെ വിട്ടു സ്വയമായി കീഴ്പ്പെടുത്തിയതിന്റെ തെളിവാണ് അവൻ ഭൂമിയിലേക്കു വന്നതു. സ്വാർത്ഥതയെ പ്രോത്സാഹിപ്പിക്കുകയും സ്വാർത്ഥത വെച്ചു പുലർത്തുകയും ചെയ്യുന്ന ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. പക്ഷെ നാം ഈ പരീക്ഷണത്തെ അതിജീവിക്കണം. സഭയിൽ എന്തെങ്കിലും തീരുമാനം എടുക്കുന്ന സന്ദർഭത്തിൽ നാം നമ്മുടെ അഭിപ്രായത്തിനാണോ മുൻതൂക്കം കൊടുക്കുന്നത് അതോ സഭയുടെ നന്മക്കാണോ ? എന്റെ വഴിയും കർത്താവിന്റെ വഴിയും തമ്മിൽ ഒരു തർക്കം ഉണ്ടാകുമ്പോൾ ആരാണ് ജയിക്കുന്നത് ? നാം നമ്മെത്തന്നെ താഴ്ത്തിയില്ലെങ്കിൽ ക്രിസ്തു നമ്മുടെ ജീവിതത്തിൽ വരികയില്ല.

ദാസനായി ശുശ്രൂഷ ചെയ്യുക എന്നതാണ് യേശുവിന്റെ സ്വഭാവം (മത്തായി 20:26-28). യേശു ഭൂമിയിൽ ജീവിച്ചപ്പോൾ ജീവിച്ചു കാണിച്ചു തന്ന മാതൃക നാം പിൻപററുവാനുള്ളതാണ്. അവന്റെ ശുശ്രൂഷ നമുക്കു പ്രചോദനം തരുന്നവയാണ്. ക്രിസ്ത്യാനികളായി തീർന്നവരുടെ ഇന്നത്തെ ജീവിത രീതിയും മററും പരിശോധിക്കേണ്ടതാണ്. അവരുടെ ത്യാഗം നമ്മെ നിരാശപ്പെടുത്തുന്നതും വിസ്മയം ജനിപ്പിക്കുന്നതുമാണ്. വിനോദ പ്രിയ

മായ പരിപാടികൾക്കു ടിക്കററ് എടുക്കുവാനായി നീണ്ട വരിയിൽ ദീർഘനേരം നില്ക്കുവാൻ അവർക്കു യാതൊരു വിഷമവുമില്ല. പക്ഷെ ദൈവത്തിനു വേണ്ടി അല്പ നേരം ത്യാഗം സഹിക്കുവാൻ അവർക്കു എന്തൊരു മടിയാണ്. മണിക്കൂറുകൾ യാത്ര ചെയ്തു ഭൗതികമായ പല കാര്യങ്ങൾക്കും പോകുന്നവരുണ്ട്. പക്ഷെ ആ ത്യാഗം ദൈവ വചന പഠനത്തിനോ ആരാധനക്കോ അവർ ഉപയോഗിക്കുന്നില്ല. ക്രിസ്തുവിനോടുള്ള അവരുടെ ബന്ധം എത്രമാത്രമുണ്ടെന്നു അവരുടെ പ്രവൃത്തികൾ തെളിയിക്കുന്നു. ബൈബിൾ വായനയുടേയും സുവിശേഷം അറിയിക്കുന്നതിന്റെയും കാര്യവും അതുപോലെ തന്നെ. മററുള്ള പലതും വായിക്കുന്നതിനും വാചാലമായി സംസാരിക്കാനും കഴിയുന്നവർ ദൈവത്തിനായി അധികമൊന്നും ചെയ്യുന്നില്ല. ക്രിസ്തുവിനുവേണ്ടി എന്തു ചെയ്യുവാനാണ് നമുക്കു മനസുള്ളത്.

പരീക്ഷണങ്ങളെ അതിജീവിക്കുക എന്നതു ക്രിസ്തുവിന്റെ ജീവിതത്തിലെ ഒരു അവിഭാജ്യ ഘടകം തന്നെയായിരുന്നു. അവന്റെ ദൈനന്തിന ജീവിതം പരിശോധിച്ചാൽ അതു വ്യക്തമാകും. അവൻ നമ്മെ പോലെ മനുഷ്യനായിട്ടാണ് ജീവിച്ചത്. എന്നാൽ പാപം കൂടാതെയാണെന്ന വ്യത്യാസം ഉണ്ടായിരുന്നു. സകലത്തിലും അവൻ നമ്മെ പോലെ പരീക്ഷിക്കപ്പെട്ടു. എന്നാൽ അവന്റെ വായിൽ നിന്നു യാതൊരു വഞ്ചനയും പുറപ്പെട്ടില്ല (എബ്രായർ 4:15). പരീക്ഷ എന്താണെന്നും അതിന്റെ ഫലമെന്താണെന്നും നാം തിരിച്ചറിയണം. എങ്കിലേ നമുക്ക് അതിനെ മറി കടക്കാൻ സാധിക്കയുള്ളു. പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ; അവൻ കൊള്ളാകുന്നവനായി തെളിഞ്ഞശേഷം കർത്താവു തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദത്തം ചെയ്ത ജീവകിരീടം പ്രാപിക്കും. പരീക്ഷിക്കപ്പെടുമ്പോൾ ഞാൻ ദൈവത്താൽ പരീക്ഷിക്കപ്പെടുന്നു എന്നു ആരും പറയരുത്. ദൈവം ദോഷങ്ങളാൽ പരീക്ഷിക്കപ്പെടാ

ത്തവൻ ആകുന്നു. താൻ ആരെയും പരീക്ഷിക്കുന്നുമില്ല. ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നതു സ്വന്ത മോഹത്താൽ ആകർഷിച്ചു വശീകരിക്കപ്പെടുകയാൽ തന്നെ (യാക്കോബ് 1:12-14). പരീക്ഷണങ്ങളോടുകൂടെ ദൈവം പോക്കുവഴിയും ഒരുക്കും.

ക്രിസ്തുവിന്റെ ഭാവത്തിലെ മുഖ്യമായ ഒന്നാണ് താഴ്മ. സൗമ്യതയെ പററി പഠിപ്പിക്കുക മാത്രമല്ല, ജീവിതത്തിൽ അങ്ങനെ ആയി തീരുകയും ചെയ്തു. അവൻ തന്നെത്താൻ താഴ്ത്തി എന്നാണ് പറഞ്ഞിരിക്കുന്നത്. മനുഷ്യരുടെ ഇടയിൽ പുകഴ്ച്ച ആഗ്രഹിക്കാതെ, സ്വയം പ്രശംസിക്കാതെ എളിമ ധരിച്ചിരുന്ന വ്യക്തിയായിരുന്നു ക്രിസ്തു. അഹങ്കാരത്തെയും അതിന്റെ ദോഷഫലത്തെയും അവൻ മുന്നറിയിക്കയും ചെയ്തിട്ടുണ്ട്. ലോക രക്ഷിതാവായി വന്ന യേശു സൗമ്യനായതുകൊണ്ട് ആ സ്വഭാവത്തിനു വിലയുണ്ട്. യേശുവിനെ തന്നെത്താൻ താഴ്ത്തുവാൻ കഴിഞ്ഞതുകൊണ്ട് ഏററവും വലിയ ഉയർച്ച ലഭിച്ചു. പ്രതിഫലം അത്യുന്നതമായിരിക്കുന്ന എളിമയാണ് എനിക്കിഷ്ടം. നിങ്ങളും അത് ആഗ്രഹിക്കത്തക്കതുതന്നെ.

അനുസരണമാണ് മുൻപ് സൂചിപ്പിച്ച സ്വഭാവ വിശേഷതകൾക്കു കാരണം. ദൈവത്തോടുള്ള അനുസരണം അത്യാവശ്യമായി എടുത്തിരിക്കുന്ന ഏവർക്കും ക്രിസ്തുവിന്റെ ഭാവത്തെ നിഷേധിക്കാൻ സാധ്യമല്ല. യേശു അനുസരണം പഠിച്ച് തികഞ്ഞവനായി തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യ രക്ഷയുടെ കാരണ ഭൂതനായി തീർന്നു. മരണത്തോളം അവൻ അനുസരണമുള്ളവനായിരുന്നു (എബ്രായർ 5:8_9). ക്രൂശിലെ മരണത്തോളം ദൈവത്തിനു കീഴ്പ്പെടുവാനും അനുസരിക്കുവാനും തയ്യാറായ മനുഷ്യ പുത്രന്റെ ഭാവം എത്ര മനോഹരമാണ് എന്ന് തിരിച്ചറിയുക.

★

# ക്രിസ്തുവിനെ അനുകരിക്കുന്നതിനു പകരം മനുഷ്യരെ അനുകരിക്കുന്നവർ

**ജോസഫ്. ഡി. മെഡോർ**

അവർ നമ്മുടെ ഇടയിൽ നിന്നു പുറപ്പെട്ടു എങ്കിലും നമുക്കുള്ളവർ ആയിരുന്നില്ല; അവർ നമുക്കുള്ളവർ ആയിരുന്നുവെങ്കിൽ നമ്മോടുകൂടെ പാർക്കുമായിരുന്നു; എന്നാൽ എല്ലാവരും നമുക്കുള്ളവർ അല്ല എന്നു പ്രസിദ്ധമാകേണ്ടതല്ലൊ (1 യോഹന്നാൻ 2:19).

സ്നേഹത്തിന്റെ അപ്പൊസ്തലൻ എന്നു പൊതുവെ അറിയപ്പെട്ട യോഹന്നാനാണ് മുകളിൽ പ്രതിപാദിച്ചിരിക്കുന്നതു രേഖപ്പെടുത്തിയതു. സഭ വിട്ടു പോയവരെയാണ് അവിടെ പരാമർശിക്കുന്നതു. അവർ ആത്മീയ കാഴ്ച്ചപ്പാടിനു പകരം പ്രാകൃത കാഴ്ച്ചപ്പാടുള്ളവരാണ്. അവൻ എതിർക്രിസ്തുവിനെ പററി മുന്നറിയിക്കുന്നുണ്ട്. യേശുക്രിസ്തുവിന്റെ ഉപദേശത്തിനു എതിരായി ചിന്തിക്കുന്നവരാണ് അവർ എന്നു വ്യക്തമാക്കിയിരിക്കുന്നു. അവർ മുൻപ് ക്രിസ്തുവിന്റെ ശിഷ്യത്വം സ്വീകരിച്ചു കർത്താവിന്റെ സഭയിൽ ആയി തീർന്നവർ ആയിരുന്നു. അവർക്കു സംഭവിച്ചതെന്തെന്നു അറിയിച്ചിരിക്കയാണ് അപ്പൊസ്തലൻ.

ശിഷ്യത്വം സ്വീകരിച്ചു പിൻമാറി പോകുന്നവരിൽ ദൈവത്തിന്റെ ആത്മാവു വസിച്ചിട്ടില്ല. ദൈവത്തെ യഥാർത്ഥമായി അനുസരിക്കുന്നവരിലാണ് ദൈവം, തന്റെ ആത്മാവിനെ നല്കുന്നതു. യഥാർത്ഥ ശിഷ്യന്മാരിൽ ആത്മാവിന്റെ ഫലങ്ങൾ നിരന്തരമായി കാണും. ശിഷ്യന്മാരുമായി തുടർന്നു സത്യത്തിൽ നില്ക്കുന്നവരായിരിക്കും പരമാർത്ഥ ഹൃദയമുള്ളവർ. അവർ തെററിലേ

ക്കു പോകുന്നതു എന്തു കാരണത്താലായാലും അതു നീതീകരിക്കാവുന്നതല്ല. ഉപദേശത്തെയും സത്യത്തേയും ത്യജിച്ചിരിക്കുന്നവർ നല്ല മനസാക്ഷി തള്ളിക്കളഞ്ഞിട്ടു അവരുടെ വിശ്വാസക്കപ്പൽ തകർന്നു പോയി (1 തിമൊഥെയൊസ് 1:19).

പല രീതിയിലും ഭാവത്തിലുമാണ് ബൈബിളിൽ വിശ്വാസത്യാഗത്തെ വിശദീകരിച്ചിരിക്കുന്നതു. അതൊരു ആത്മീയ രോഗമാണ്. പഴയ നിയമത്തിലും പുതിയനിയമത്തിലും തെററി പോയവരുടെ ഉദാഹരണങ്ങൾ കാണാം. അതുകൊണ്ടു നമ്മുടെ ശ്രദ്ധ ഈ വിഷയത്തിലേക്കു തിരിക്കാം. എന്തുകൊണ്ടാണ് ചിലർ വിശ്വാസം വിട്ടു പോകുന്നത് ?

## വഞ്ചന

എല്ലാ തലമുറയിലും പെട്ട സ്ത്രീ പുരുഷന്മാർക്കെതിരായി പ്രവർത്തിക്കുന്ന ദുഷ്ട ശക്തിയുടെ ആയുധമാണ് വഞ്ചന. കൊരിന്ത്യയിലെ കർത്താവിൻെറ ശരീരമായിരുന്ന സഭയ്ക്കു പൌലൊസ് ലേഖനം എഴുതുമ്പോൾ അന്നു പിശാചിനാൽ വഞ്ചിക്കപ്പെട്ടവരായ ആളുകൾ സഭയിൽ ഉണ്ടായിരുന്നതായി പറയുന്നുണ്ട്. അവരുടെ ഉദ്ദേശവും പ്രവൃത്തിയും സഭയെ ഭിന്നിപ്പിക്കുക എന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ സത്യത്തിൻെറ പരിജ്ഞാനം ലഭിക്കാത്തവരാണ് ദുരുപദേഷ്ടാക്കന്മാരുടെ ചതിയിൽ അകപ്പെടുന്നത്. ദൈവ വചനത്തിൽ രേഖപ്പെടുത്തിയിട്ടുളള സത്യത്തെ അവർ ഗ്രഹിക്കാൻ തക്കവണ്ണം വളരാത്തതുകൊണ്ടും ദൈവ വചന പഠനം ഉപേക്ഷയായി വിചാരിക്കുന്നതുകൊണ്ടും ആണ് അങ്ങനെ സംഭവിക്കുന്നത്. കർത്താവായ യേശുക്രിസ്തുവിൻെറ പത്ഥ്യ വചനവും ഭക്തിക്കൊത്ത ഉപദേശവും അനുസരിക്കാതെ അന്യഥാ ഉപദേശിക്കുന്നവൻ ഒന്നും തിരിച്ചറിയാതെ ചീർത്തിരിക്കയാണ് (1 തിമൊഥെയൊസ് 1:19-20; 6:3-4). അ

ത്തരം ദുരുപദേഷ്ടാക്കൾ കപട വേഷക്കാർ എന്നത്രെ പൗലൊസ് പറഞ്ഞിരിക്കുന്നത്.

ഇങ്ങനെയുള്ളവർ കള്ളയപ്പൊസ്തലന്മാർ, കപട വേലക്കാർ, ക്രിസ്തുവിന്റെ അപ്പൊസ്തലന്മാരുടെ വേഷം ധരിക്കുന്നവർ അത്രെ; അതു ആശ്ചര്യവുമല്ല; സാത്താൻ താനും വെളിച്ച ദൂതന്റെ വേഷം ധരിക്കുന്നുവല്ലൊ. ആകയാൽ അവന്റെ ശുശ്രൂഷക്കാർ നീതിയുടെ ശുശ്രൂഷക്കാരുടെ വേഷം ധരിച്ചാൽ അതിശയമല്ല; അവരുടെ അവസാനം അവരുടെ പ്രവർത്തികൾക്കു ഒത്തതായിരിക്കും (2 കൊരിന്ത്യർ 11:13-15). എന്റെ ജനം പരിജ്ഞാനമില്ലായ്കയാൽ നശിച്ചു പോകുന്നുവെന്നു നൂററാണ്ടുകൾക്കു മുൻപ് ജീവിച്ചിരുന്ന പ്രവാചകൻ പറഞ്ഞിരുന്നു (ഹോശെയാ 4:6). അറിവില്ലായ്കയാൽ ആളുകൾ പെട്ടെന്നു വഞ്ചിക്കപ്പെടുന്നു. ക്രിസ്തുവിന്റെ ഉപദേശത്തിനു പകരം മനുഷ്യർക്കും അവരുടെ ഉപദേശങ്ങൾക്കും പ്രാമുഖ്യം കൊടുക്കുന്നതുകൊണ്ടു അനേകർ തെററായ ഉപദേശങ്ങൾ വിശ്വസിക്കാനിടയാകും എന്നു ബൈബിളിൽ മുന്നറിയിച്ചിട്ടുണ്ട് (2 തിമൊഥെയൊസ് 4:1-3; മത്തായി 7:21_23). ക്രിസ്തുവിലുള്ള വിശ്വാസത്തിനു പകരം നാം സമൂഹത്തിനോ, മാനുഷിക നായകന്മാർക്കോ പ്രാധാന്യം കൊടുക്കരുത്. കർത്താവിന്റെ വചനത്തിനായിരിക്കണം പരമ പ്രധാനം (യോഹന്നാൻ 14:15_23).

## മുൻഗണനക്കുള്ള വാഞ്ഛ

പേരിൽ മാത്രം ക്രിസ്ത്യാനികൾ എന്നഭിമാനിക്കുന്ന ചിലർ ദൈവിക കാര്യങ്ങളെ തങ്ങളുടെ നിയന്ത്രണത്തിൽ നിർത്തുവാനും ശക്തമായ മുൻഗണന ആഗ്രഹിക്കയും ചെയ്യുന്നു. തന്മൂലം അവർ അധികാരത്തിനു വേണ്ടി സഭയിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചെന്നുവരാം. സഭയിൽ ദൈവം നിക്ഷിപ്തമാക്കിയിരിക്കുന്ന അദ്ധ്യക്ഷ സ്ഥാനം ഒരു പദവിക്കു വേണ്ടിയുള്ളതല്ല. മറിച്ച് ഇടവകയെ ശുശ്രൂഷി

ക്കുക എന്ന പ്രവൃത്തിയെയാണ് അതിൽ വെളിപ്പെടുത്തിയിരിക്കുന്നത്. മത്സരിക്കുവാനോ അന്യോന്യം വലുത് ആർ എന്നു കാണിക്കുന്നതിനോ ഒന്നുമല്ല മൂപ്പന്മാർ അഥവാ ഇടയന്മാർ ശ്രമിക്കേണ്ടത്.

സഭയിൽ പ്രഥമ സ്ഥാനം കാംക്ഷിച്ച വ്യക്തിയെ യോഹന്നാൻ പരിചയപ്പെടുത്തിയിട്ടുണ്ട് (3 യോഹന്നാൻ 9). ദിയൊത്രെഫേസ് സഭയിൽ പ്രധാനിയാകാൻ ശ്രമിക്കയും അപ്പൊസ്തലന്മാരെ കൂട്ടാക്കാതിരിക്കയും ചെയ്തു. യോഹന്നാൻ അതു അവനെ ഓർമ്മിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. ആത്മീയമായി താൻ ഏററവും ഉയർന്ന നിലയിൽ എത്തി എന്നു കരുതിയതു കൊണ്ടാണ് അവൻ അങ്ങനെ ചിന്തിക്കുന്നത്.

## ഉപദേശത്തെ വെറുക്കുന്നവർ

ആരാധനയെ സംബന്ധിച്ചു രേഖപ്പെടുത്തിയ കർത്താവിന്റെ ഹിതത്തെ പരസ്യമായി മലിനമാക്കുന്ന സ്വഭാവം നമ്മുടെ പിതാക്കന്മാരുടെ കാലം തൊട്ടുള്ളതാണ് (ഉല്പത്തി 4:5; ലേവ്യാപുസ്തകം 10:1-2). സംഘടിപ്പിക്കുന്നതിനെ കുറിച്ചും അതു വാസ്തവമാണ് (സംഖ്യാപുസ്തകം 16; യൂദാ 11). ദൈവാധികാരത്തെ മാനിക്കാതിരിക്കുന്നവർ ശിക്ഷിക്കപ്പെടും എന്നതിനു രണ്ടു പക്ഷമില്ല (സങ്കീർത്തനങ്ങൾ 107:11). തൻമൂലം, അനീതി, അതിക്രമം, മത്സരം എന്നിവയും കാഠിന്യവും അവരിൽ പ്രകടമാകും (ആവർത്തന പുസ്തകം 31:27)

ക്രിസ്ത്യാനിത്വത്തെ പുരോഗമിപ്പിക്കുക എന്ന ലക്ഷ്യമിട്ടു ചിലർ സഭയിൽ ക്രിസ്തുവിന്റെ ഉപദേശത്തെ മാററി നിർത്തി മാനുഷ്യ ബുദ്ധിക്കനുസരിച്ച് കർത്താവിന്റെ ഇഷ്ടത്തെ മാററുന്നവർ ചിലർ ഉണ്ട്.

*

**YOUR ATTENTION PLEASE !**

# Radio Srilanka Broadcasts

**ENGLISH** - The Voice of Truth - Speakers: **Reggi Gnanasundaram** and **J. C. Choate**
All correspondence should be sent to The Voice of Truth.
Post Box 3815, New Delhi - 110 049.
Fridays - 7.45 to 8.00 P.M.

**HINDI** - Satya Susamachar-Speaker. **Sunny David.**
All correspondence should be sent to
Satya-Susamachar.
Post Box 3815, New Delhi - 110 049.
Sundays - 8.45 to 9.00 P.M.
Tuesdays - 9.00 to 9.15 P.M.
Thursdays - 9.00 to 9.15 P.M.

**TELUGU** - The Voice of Truth-Speaker: **Joshua Gootam**
All correspondence should be sent to The Voice of Truth
Post Box 80, Kakinada - 533 001.
Sundays - 2.00 to 2.15 P.M.
Tuesdays - 2.00 to 2.15 P.M.
Thursdays - 2.00 to 2.15 P.M.

**TAMIL** - "The Way of Truth"-Speaker: **P. R. Swamy**
All correspondence should be sent to The Way of Truth
Post Box 8405, Bangalore - 560 084
Thursdays - 6.45 to 7.00 P.M.
Sundays - 6.45 to 7.00 P.M.

**MALAYALAM** -The Voice of Truth -Speaker: **P. K. Varghese**
All correspondence should be sent to Church of Christ
Trivandrum - 695 034, Kerala.
Fridays - 3.45 to 4.00 P.M.

**KANNADA** - The Voice of Truth - **Speaker : Robert Rathnakar** - Box. 448, Bangalore - 560 004
Sundays - 1.45 to 2.00 P.M.

**ALL ARE ENCOURAGED TO LISTEN**

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited: Printed and Published by P. K. Varghese Church of Christ Tvm : Printed at Joshah Printers, Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

*you are cordially invited*
To Attend
**Services and Bible Studies**

Sunday - 10.00 a.m.
Tuesday - 6.30 p.m.

Meeting place

**CHURCH OF CHRIST BUILDING**
Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695 034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum - 34, Kerala, South India.

To

From
**THE BIBLE TRUTH**
**Church of Christ**
Behind Sanskrit College
Thiruvananthapuram - 695 034
Phone : 443378